# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



''നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. എന്തെ ന്നാൽ പർവതങ്ങളിലും വൃക്ഷങ്ങളിലും മണ്ണിനു മുകളിൽ പടർത്തപ്പെടുന്ന വള്ളികളിലും നിങ്ങൾ കൂടുകളുണ്ടാക്കുക. സകലയിനം പൂക്ക ളിൽനിന്നും സത്ത് വലിച്ചെടുക്കുക. നിന്റെ നാഥൻ ഒരുക്കിത്തന്ന സരണികളിൽ ചരിക്കുക. ഈ ഈ ച്ചയുടെ ഉള്ളറകളിൽനിന്ന് വർണവൈവിധ്യമുള്ള ഒരു പാനീയം സ്രവിക്കുന്നു. അതിൽ മനുഷ്യർക്ക് രോഗശാന്തിയുണ്ട്. നിശ്ചയം, ചിന്തിക്കുന്ന ജന ത്തിന് ഇതിലും ഒരു ദൃഷ്ടാന്തമുണ്ട്.''

(അന്നഹ്ൽ: 69)

## പെൺ തേനീച്ച

ഈ വചനത്തിൽ തേനീച്ചകളിലെ പെൺ ഈച്ചകളെ അഭിസംബോധനം ചെയ്തുകൊണ്ടാണ് നീ പാർപ്പിടങ്ങളൊരുക്കുക, നീ ഭക്ഷിച്ചുകൊള്ളുക എന്നിങ്ങനെ പറഞ്ഞത്. അഥവാ പാർപ്പിടങ്ങളൊരുക്കാനും തേൻ ശേഖരിക്കുവാനുമുള്ള ദൈവികകൽപന പെൺതേനീച്ചകൾക്കാണ് ദൈവം നൽകിയിട്ടുള്ളതെന്നർഥം.

14 നൂറ്റാണ്ടുകൾക്കു മുമ്പ് നിരക്ഷരനായ പ്രവാചകൻ മുഹമ്മദിലൂടെ വെളിപ്പെടുത്തിയ ഈ സ്ത്രീപക്ഷഅഭിസംബോധനയുടെ രഹസ്യം 17-ാം നൂറ്റാണ്ടിൽ മാത്രമാണ് മനുഷ്യന് കണ്ടെത്താനായത്. 1876-ൽ ഹോളണ്ടുകാരനായ സ്വാമർഡമാണ് തേനീച്ചകളിലെ തൊഴിലാളികൾ സ്ത്രീകളാണെന്ന് കണ്ടെത്തിയത്.

തേനീച്ചകളുടെ ഒരു സംഘത്തിൽ റാണി, ജോലിക്കാർ, മടിയന്മാർ എന്നിങ്ങനെ മൂന്ന് വിഭാഗമാണുണ്ടാവുക. ഇവ മൂന്നും തങ്ങളുടെ കോളനികളിൽ അതത് ജോലികളിൽ സ്ഥിരോത്സാഹികളായിരിക്കും. കോളനിയുടെ മൂന്ന് വ്യത്യസ്ത ഭാഗങ്ങളിലായാണ് ഇവ വസിക്കുന്നത്.

തേനീച്ചകളിൽ 90 ശതമാനം അംഗങ്ങളും വേലക്കാരാണ്. വലിയ ഒരു കോളനിയിൽ 80,000ത്തോളം വേലക്കാരുണ്ടാകും. ഇവ പ്രജനന ശേഷിയില്ലാത്ത പെൺഈച്ചകളാണ്. ചെറിയ ശരീരമാണ് ഇവയുടെത്. തേനറകളുടെ നിർമാണം, പൂമ്പൊടിയും തേനും ശേഖരിക്കൽ, കൂട് വൃത്തിയാക്കൽ, കുഞ്ഞുങ്ങളുടെ പരിപാലനം, കാവൽ, തേനീച്ചസമൂഹത്തെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കൽ ഇതെല്ലാം ഈ വിഭാഗത്തിന്റെ ചുമതലയാണ്. ഇവ നിർവഹിക്കാനാവശ്യമായ ശാരീരികക്ഷമതയും സംവിധാനവും ഇവയ്ക്ക് നൽകിയിട്ടുണ്ട്. തേൻ ശേഖരിക്കുന്നതിനും കൂട് നിർമിക്കുന്നതിനും ആവശ്യമായ വിധം നൽകിയിട്ടുണ്ട്. തേൻ ശേഖരിക്കുന്നതിനും കൂട് നിർമിക്കുന്നതിനും ആവശ്യമായ വിധം നീളമുള്ള കാലുകൾ, ശക്തിയുള്ള താടി, ഉദരഭാഗത്ത് മെഴുകുഗ്രന്ഥികൾ, തേൻ ഊറ്റിയെടുക്കാനാവശ്യമായ നീണ്ട നാവ്, വിഷസൂചി എന്നിവയും അവക്ക് നൽകിയിട്ടുണ്ട്. ആൺഈച്ചകൾ മടിയന്മാരാകുന്നു. പ്രജനനശേഷിയുള്ളവയാണവ. റാണിയുമായി ഇണചേരുകയാണവയുടെ ജോലി. വലിയ ശരീരമാണ് അവയ്ക്കുണ്ടാവുക. വേലക്കാർക്കുള്ള ശാരീരികക്ഷമത അവയ്ക്കുണ്ടാകില്ല. ഇവ വേഗം ചത്തുപോകും. അവക്ക് വേലക്കാരായ പെൺഈച്ചകളെപ്പോലെ ജോലിയെടുക്കാനുള്ള കഴിവ് ഒട്ടും നൽകപ്പെട്ടിട്ടില്ല. അതിനാലാണ് അവയെ മടിയന്മാർ എന്നു വിളിക്കുന്നത്. ഈവക കാര്യങ്ങളാലാണ് പാർപ്പിടങ്ങളൊരുക്കൽ, തേൻശേഖരണം, കൂട് നിർമാണം തുടങ്ങിയ ഉത്തരവാദിത്തങ്ങൾ അല്ലാഹു പെൺഈച്ചകളെ ഏൽപിച്ചത്. (ദൈവമാണ് ഏറ്റവും നന്നായി അറിയുന്നവൻ.)

തേനീച്ചകളുടെ അനിതര സാധാരണമായ കഴിവുകളെക്കുറിച്ച് നാം ബോധവാന്മാരല്ല. ശീതകാലത്ത് കിട്ടാത്തതും പൂക്കളിൽ ഉണ്ടാകുന്നതുമായ സ്വേദസ്രവമാണ് തേനീച്ചകളുടെ ഭക്ഷണം. ഇത് പരാഗണം നടത്തുന്നതിനാവശ്യമായ പ്രാണികളെ ആകർഷിക്കാനായി പൊടിഞ്ഞുവരുന്ന വിയർപ്പുകണികകളാണ്. തേനീച്ചകൾ വേനകാലത്ത് ശേഖരിക്കുന്ന പൂക്കളിലെ സ്വേദസ്രവം അവയുടെ ശരീരത്തിലെ ഒരു പ്രത്യേകതരം സ്രവവുമായി യോജിപ്പിച്ച് തേനായി പുറത്തുവരുന്നു. ഇത് ശീതകാലത്തേക്ക് തേനീച്ചകൾ കരുതിവെക്കുന്നു. ഇങ്ങനെ ശേഖരിച്ചുവെക്കുന്ന തേൻ ശീതകാലത്തെ അവയുടെ ആവശ്യത്തിൽ കൂടുതലായിരിക്കും. തേനീച്ചകൾ എന്തിനാണ് ആവശ്യത്തിൽ കൂടുതൽ തേൻ ശേഖരിച്ചുവെക്കുന്നത്? ഈ ചോദ്യത്തിനുള്ള

മറുപടി ദൈവികമാണ്. അവനാണല്ലോ അവയോട് അതിന് നിർദേശിച്ചത്.

തേനീച്ചകൾ അവയ്ക്കു വേണ്ടി മാത്രമല്ല തേൻ ശേഖരിക്കുന്നത്. അത് മറ്റുള്ളവയ്ക്കു കൂടിയാകുന്നു. പ്രത്യേകിച്ച് മനുഷ്യരുടെ ആവശ്യങ്ങൾക്കുവേണ്ടി.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com